**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 124** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ദേവസ്വം സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ
ശ്രീ. എ. ഡി. തോമസ്
ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ദേവസ്വം സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അവസരസമത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ബഹു. കേരള ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് കെ.എസ്. പരിപൂർണ്ണൻ അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി ഉന്നത നിലവാരമുള്ള ഒരു പ്രത്യേക ബോർഡിന് ദേവസ്വങ്ങളുടെ നിയമനം കൈമാറണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുവേണ്ടി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടും റൂളും 2015 -ൽ നിലവിൽ വന്നു. ദേവസ്വം നിയമനങ്ങളിൽ, നിയമപ്രകാരമുള്ള സംവരണതത്ത്വങ്ങൾ പാലിച്ച് മെറിറ്റിനും സംവരണത്തിനും തുല്യപ്രധാന്യം നൽകി ഹിന്ദുമതത്തിൽപ്പെട്ട വിവിധ വിഭാഗക്കാർക്ക് സമത്വം ഉറപ്പാക്കിയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനശിപാർശകൾ നൽകിവരുന്നത്. തിരുവിതാംകൂർ/ഗുരുവായൂർ/മലബാർ/കൊച്ചി/ കൂടൽമാണിക്യം ദേവസ്വങ്ങളിലേയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയും വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നടത്തുമ്പോൾ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന സംവരണക്രമം ആവശ്യമായ മാറ്റങ്ങളോടെ പാലിക്കണമെന്നാണ് 2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിൽ അഹിന്ദുക്കൾക്കായി സംവരണം ചെയ്തിട്ടുള്ള ടേണുകൾ ഓപ്പൺ കോമ്പറ്റീഷൻ വിഭാഗത്തിനായി (OC) നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 3(2) പ്രകാരം 18.11.2019 ൽ പുറപ്പെടുവിച്ച G.O.(P)No.79/2019/RD നമ്പർ ഉത്തരവ് പ്രകാരം 2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും നിയമനങ്ങളിൽ 50% ഓപ്പൺ വിഭാഗത്തിൽ നിന്നും 50% വിവിധ സംവരണ വിഭാഗങ്ങൾക്കും നിയമന ശിപാർശ നൽകി വരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിലെ അംഗീകൃത തസ്തികകളിലെ നിയമനങ്ങളെല്ലാം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സംവരണതത്വം പാലിച്ചുകൊണ്ടാണ് നടത്തുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിച്ചുവരുന്നത്. ഹിന്ദുമത ധർമ്മസ്ഥാപന നിയമം 100(2) (y) പ്രകാരം പ്രസ്തുത ക്ഷേത്രങ്ങളിലെ നിയമനം അതാത് ക്ഷേത്രഭരണാധികാരികളാണ് നിർവ്വഹിച്ചുവരുന്നത്. അപ്രകാരമുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിന് പ്രസ്തുത നിയമത്തിൽ പ്രത്യേക വ്യവസ്ഥകളൊന്നുമില്ല.

ഗുരുവായൂർ ദേവസ്വത്തിലെ റഗുലേഷനിൽ ഉൾപ്പെട്ട തസ്തികകളിൽ ഹിന്ദുക്കൾക്ക് മാത്രമാണ് നിയമനം നൽകി വരുന്നത്. ഗുരുവായൂരിൽ ദേവസ്വം ആക്ട് 1978 സെക്ഷൻ 19(2) പ്രകാരം എസ്.സി./ എസ്.ടി. വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

**(ബി)** പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

**മറുപടി:** നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ, കർക്കടക മാസത്തിൽ നടത്തുന്ന നാലമ്പല ദർശനം, കൂടാതെ പഞ്ചപാണ്ഡവ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടനം എന്നിവ കൂടുതൽ വിപുലമാക്കുന്ന പദ്ധതി പരിഗണനയിലാണ്. വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് തീർത്ഥാടക സർക്യൂട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചും പരിഗണനയിലുണ്ട്. കേരളത്തിലെ പ്രധാന ആചാരങ്ങളെയും ഉത്സവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക ടൂറിസത്തിന്റെ സാധ്യതകളും പരിശോധിക്കുന്നതാണ്.

കൊച്ചിൻ ദേവസ്വം ബോർഡ് നിലവിൽ കർക്കിട മാസത്തിൽ നാലമ്പല തീർത്ഥാടന പദ്ധതി നടത്തിവരുന്നു. കൂടാതെ തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം, തൃക്കുലശേഖരപുരം ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ കൂട്ടി സംയോജിപ്പിച്ച് ഒരു തീർത്ഥാടക ശൃംഗല രൂപപ്പെടുത്തേണ്ടത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വം പിൽഗ്രിം ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടലുകളും കണ്ടന്റുകളും ക്ഷേത്രങ്ങളുടെ ഡാറ്റകളും പരിശോധിച്ച് Hosting ന് ശിപാർശ ചെയ്യുന്നതിന് അഡ്മിനിസ്ട്രേഷൻ വിഭാഗം ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് മാനേജർ (പബ്ലിക്കേഷൻ, ഇ ഡി പി), പബ്ലിക്ക് റിലേഷൻസ് ഓഫീസർ, കമ്പ്യൂട്ടർ സ്പെഷ്യൽ അസിസ്റ്റന്റ് എന്നിവരെ ഉൾപ്പെടുത്തി ടീം രൂപീകരിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ, ദ്വാരകയിൽ ശ്രീകൃഷ്ണൻ വെച്ച് പൂജിച്ചിരുന്ന വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾ എന്ന നിലയിൽ പ്രസിദ്ധമായ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രം, തിരുമൂഴിക്കുളം ശ്രീ ലക്ഷ്മണ പെരുമാൾ ക്ഷേത്രം, പായമ്മൽ ശ്രീ ശത്രുഘ്ന സ്വാമി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി കൊണ്ട് ഒരു തീർത്ഥാടന പാക്കേജും, ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി മറ്റൊരു പാക്കേജും കെ.എസ്.ആർ.ടി.സിയുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങൾക്കും കലാസാംസ്കാരിക പരിപാടികൾക്കും ടൂറിസം വകുപ്പ് ധനസഹായം നൽകാറുണ്ട്. കേരളത്തിലെ നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിച്ച് ആയതിന്റെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് 'ഉത്സവം' എന്ന പരിപാടി സംഘടിപ്പിക്കാറുണ്ട്.

കൂടാതെ, ഭക്തരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം പ്രദേശത്തെ വിനോദസഞ്ചാരവും പ്രാദേശിക ഉപജീവന മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കുന്ന പ്രധാന ക്ഷേത്രങ്ങളെ ഒരു ഏകീകൃത തീർത്ഥാടന സർക്യൂട്ടായി ബന്ധിപ്പിക്കുന്ന മലബാർ ടെമ്പിൾ പിൽഗ്രിം പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീർത്ഥാടകർക്ക് സുരക്ഷിതമായും സുഖകരമായും പരിസ്ഥിതിയോട് ഉത്തരവാദിത്വമുള്ള രീതിയിലും ക്ഷേത്രദർശനം ഉറപ്പ് വരുത്തുന്നതിന് എല്ലാ ദേവസ്വം സ്ഥാപനങ്ങളിലും ഇക്കോഫ്രണ്ട്ലി ആക്സിഡന്റ് സേഫ് യാത്ര-ഈസി (EASY) ദർശൻ പ്രോജക്റ്റ്-നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം എന്നീ ക്ഷേത്രങ്ങൾ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഈ ക്ഷേത്രങ്ങൾ തിരുപ്പതി മോഡലിൽ വികസിപ്പിച്ച് ദേശീയ തീർത്ഥാടന കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**(സി)** കേരളത്തിലെ പ്രധാന ആചാരങ്ങളെയും ഉത്സവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അതിനായി വിനോദസഞ്ചാര വകുപ്പുമായി ചേർന്ന പ്രത്യേകം പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

**മറുപടി:** നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ, കർക്കടക മാസത്തിൽ നടത്തുന്ന നാലമ്പല ദർശനം, കൂടാതെ പഞ്ചപാണ്ഡവ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടനം എന്നിവ കൂടുതൽ വിപുലമാക്കുന്ന പദ്ധതി പരിഗണനയിലാണ്. വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് തീർത്ഥാടക സർക്യൂട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചും പരിഗണനയിലുണ്ട്. കേരളത്തിലെ പ്രധാന ആചാരങ്ങളെയും ഉത്സവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക ടൂറിസത്തിന്റെ സാധ്യതകളും പരിശോധിക്കുന്നതാണ്.

കൊച്ചിൻ ദേവസ്വം ബോർഡ് നിലവിൽ കർക്കിട മാസത്തിൽ നാലമ്പല തീർത്ഥാടന പദ്ധതി നടത്തിവരുന്നു. കൂടാതെ തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം, തൃക്കുലശേഖരപുരം ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ കൂട്ടി സംയോജിപ്പിച്ച് ഒരു

തീർത്ഥാടക ശൃംഗല രൂപപ്പെടുത്തേണ്ടത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വം പിൽഗ്രിം ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടലുകളും കണ്ടന്റുകളും ക്ഷേത്രങ്ങളുടെ ഡാറ്റകളും പരിശോധിച്ച് Hosting ന് ശിപാർശ ചെയ്യുന്നതിന് അഡ്മിനിസ്ട്രേഷൻ വിഭാഗം ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് മാനേജർ (പബ്ലിക്കേഷൻ, ഇ ഡി പി), പബ്ലിക്ക് റിലേഷൻസ് ഓഫീസർ, കമ്പ്യൂട്ടർ സ്പെഷ്യൽ അസിസ്റ്റന്റ് എന്നിവരെ ഉൾപ്പെടുത്തി ടീം രൂപീകരിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന് കീഴിൽ, ദ്വാരകയിൽ ശ്രീകൃഷ്ണൻ വെച്ച് പൂജിച്ചിരുന്ന വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾ എന്ന നിലയിൽ പ്രസിദ്ധമായ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രം, തിരുമൂഴിക്കുളം ശ്രീ ലക്ഷ്മണ പെരുമാൾ ക്ഷേത്രം, പായമ്മൽ ശ്രീ ശത്രുഘ്ന സ്വാമി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി കൊണ്ട് ഒരു തീർത്ഥാടന പാക്കേജും, ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി മറ്റൊരു പാക്കേജും കെ.എസ്.ആർ.ടി.സിയുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങൾക്കും കലാസാംസ്കാരിക പരിപാടികൾക്കും ടൂറിസം വകുപ്പ് ധനസഹായം നൽകാറുണ്ട്. കേരളത്തിലെ നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിച്ച് ആയതിന്റെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് 'ഉത്സവം' എന്ന പരിപാടി സംഘടിപ്പിക്കാറുണ്ട്.

കൂടാതെ, ഭക്തരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം പ്രദേശത്തെ വിനോദസഞ്ചാരവും പ്രാദേശിക ഉപജീവന മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കുന്ന പ്രധാന ക്ഷേത്രങ്ങളെ ഒരു ഏകീകൃത തീർത്ഥാടന സർക്യൂട്ടായി ബന്ധിപ്പിക്കുന്ന മലബാർ ടെമ്പിൾ പിൽഗ്രിം പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീർത്ഥാടകർക്ക് സുരക്ഷിതമായും സുഖകരമായും പരിസ്ഥിതിയോട് ഉത്തരവാദിത്വമുള്ള രീതിയിലും ക്ഷേത്രദർശനം ഉറപ്പ് വരുത്തുന്നതിന് എല്ലാ ദേവസ്വം സ്ഥാപനങ്ങളിലും ഇക്കോഫ്രണ്ടിലി ആക്സിഡന്റ് സേഫ് യാത്ര- ഈസി (EASY) ദർശൻ പ്രോജക്റ്റ്-നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം എന്നീ ക്ഷേത്രങ്ങൾ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഈ ക്ഷേത്രങ്ങൾ തിരുപ്പതി മോഡലിൽ വികസിപ്പിച്ച് ദേശീയ തീർത്ഥാടന കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**